# പ്ലാച്ചിമട : മയിലമ്മയുടെ വേർപാട് സമരത്തെ ദുർബ്ബലപ്പെടുത്തിക്കൂടാ

എം. ഗീതാനന്ദൻ, രാഷ്ട്രീയ മഹാസഭ

'ജനകീയ ജലാധികാര യാത്ര'യിലൂടെ സമരത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള പ്ലാച്ചിമട സമരസമിതിയുടെ തയ്യാറെടുപ്പിനിടയിലാണ് അപ്രതീക്ഷിതമായി മയിലമ്മയുടെ വേർപാടുണ്ടാക്കുന്നത്. ദീർഘനാളായി സമരത്തെ മുന്നോട്ടു നയിച്ചുകൊണ്ടിരുന്ന പ്ലാച്ചിമടയിലെ സമരനേതൃത്വത്തിനിടയിൽ മയിലമ്മയുടെ വേർപാട് ധാർമ്മികമായ ഒരു പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മയിലമ്മയുടെ വേർപാടിനെ തുടർന്ന് മാധ്യമങ്ങളിലൂടെ പുറത്തുവന്ന ചില സംഭവങ്ങൾ ഇത് വെളിവാക്കിയിട്ടുണ്ട്. മയിലമ്മയുടെ അഭാവത്തിൽ ഇനി പ്രക്ഷോഭം തുടരുന്നതിൽ പ്രസക്തിയുണ്ടോ എന്നുപോലും ചിലർ സംശയിക്കുന്നതായി തോന്നുന്നു. യഥാർത്ഥത്തിൽ പ്ലാച്ചിമട സമരസമിതിയും ഐക്യദാർഢ്യസമിതിയും അഭിമുഖീകരിക്കുന്ന ധാർമ്മികമായ പ്രതിസന്ധി, മയിലമ്മയുടെ വേർപാടിനു മുമ്പുതന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നു എന്നതാണ് ശരി. വലിയൊരളവുവരെ സമരസമിതിയുടെയും ഐക്യദാർഢ്യസമിതിയുടെയും ദിശാബോധത്തിന്റെ പ്രതിസന്ധിയിൽ നിന്നുതന്നെയാണ് ഇപ്പോഴുള്ള ധാർമ്മിക പ്രതിസന്ധിയും ഉടലെടുത്തത്.

**കോളഭീമനെതിരെയുള്ള സമരത്തിന് രണ്ട് മുഖങ്ങളുണ്ട്. വിഭവകൊള്ളയിലൂടെ തടിച്ചുകൊഴുക്കുന്ന കൊക്കക്കോളയെ കെട്ടുകെട്ടിക്കലും ജലത്തിലും വിഭവങ്ങളിലുമുള്ള തദ്ദേശീയരുടെ പരമാധികാരം ഉറപ്പാക്കലുമാണത്.** വികസനത്തിന്റെ പേരിൽ കൊക്കക്കോള കമ്പനി 2000ൽ പ്ലാച്ചിമടയിൽ വരുമ്പോൾ, കോളകമ്പനി നടത്തിയേക്കാവുന്ന വിഭവകൊള്ളയെക്കുറിച്ചോ പ്രകൃതിവിഭവങ്ങളിലുള്ള തദ്ദേശവാസികളുടെ പരമാധികാരത്തിന്റെ പ്രശ്നമോ കാര്യമായി ആരും കണക്കിലെടുത്തിരുന്നില്ല. പക്ഷെ ഏറെ താമസിയാതെ ഇതിന്റെ പ്രത്യാഘാതം ദുരന്തങ്ങളുടെ രൂപത്തിൽ പ്രകടമായി തുടങ്ങി. പ്രകൃതിക്കും മനുഷ്യനും സർവ്വചരാചരങ്ങൾക്കും ഉപയുക്തമാക്കാവുന്ന ഭൂഗർഭജലം അളവറ്റ രീതിയിൽ ഊറ്റിയെടുത്ത് കോളകമ്പനി ലാഭമുണ്ടാക്കി; അവശിഷ്ടമായ വിഷമാലിന്യങ്ങൾ വളമെന്ന നിലയിൽ കർഷകർക്ക് നൽകി കബളിപ്പിച്ചു. ഉപരിജല സ്രോതസ്സുകളെ ഈ മാലിന്യം വിഷമയമാക്കി. പ്ലാച്ചിമടയിലും പരിസരത്തുമുള്ള ജനങ്ങളുടെ, വിശിഷ്യാ ആദിവാസികളുടെ, ജീവിക്കാനുള്ള അവകാശം ഇല്ലായ്മ ചെയ്തു. ജീവജലത്തിനുള്ള അവകാശപോരാട്ടത്തിൽനിന്നാണ് പ്ലാച്ചിമട ശ്രദ്ധാകേന്ദ്രമാകുന്നത്. മയിലമ്മയും സ്വാഭാവികമായി അതിന്റെ പ്രതീകമായി സ്ഥാപിക്കപ്പെട്ടു. പ്രക്ഷോഭം ഉയർത്തിയ അലകൾ ജീവജലം സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ പങ്കാളികളാകുന്ന മുഴുവൻ ലോകജനതയുടെ മുമ്പിലും അതെത്തിച്ചു. ഇതൊക്കെ ഒരു യാഥാർത്ഥ്യമാകുമ്പോഴും, മൂലധനശക്തികൾക്കെതിരെ പ്ലാച്ചിമടയിലെ ജനകീയ ചെറുത്തുനിൽപ്പ് നിയമ-രാഷ്ട്രീയ വ്യവഹാര മണ്ഡലത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളെന്തൊക്കെയെന്ന് വിലയിരുത്തിക്കൊണ്ടാകണം ജലാധികാരത്തിനായുള്ള സമരത്തിന് പ്രസക്തിയുണ്ടോയെന്ന് തീരുമാനിക്കാൻ കഴിയൂ.

ശൈശവരൂപത്തിലുള്ള പാരിസ്ഥിതിക നിയമങ്ങൾ മാത്രമെ ഇന്ന് നിലവിലുള്ളൂ. കോളയുടെ അവകാശം

വര വി.എസ്. ഗിരീശൻ



വ്യക്തിയുടെ അവകാശമായി വ്യാഖ്യാനിക്കുന്ന കോടതികളും ഒരു പരിമിതിയാണ്. കൊക്കക്കോളക്കെതിരെയുള്ള കേസുകൾ ഇന്ന് സുപ്രീംകോടതിയുടെ പരിഗണനയിലെത്തിനിൽക്കുന്ന സാഹചര്യത്തിൽ, വിഭവാധികാരത്തിനായുള്ള സമരത്തിന് മുമ്പെന്നെത്തേക്കാൾ പ്രാധാന്യവും പ്രസക്തിയുണ്ട്. കോളകമ്പനി തുറന്നു പ്രവർത്തിക്കുന്നില്ല എന്നത് പ്രസക്തമായ കാര്യമല്ല.

കോളകമ്പനിയുടെ വിപണിയിലുള്ള മേധാവിത്തം ഒരു സർക്കാർ ഉത്തരവുകൊണ്ട് അവസാനിപ്പിക്കാൻ കഴിയില്ല. ഉല്പന്നത്തിന്റെ ഗുണനിലവാരവും, അത് ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുമെന്നതിനെയും മുൻനിർത്തി ഒരു സർക്കാർ ഉത്തരവിറക്കുന്നതുകൊണ്ടുമാത്രം കൊക്കക്കോള കമ്പനിയുടെ കൊള്ളയെ തടയാൻ കഴിയില്ല. **ഇടതുപക്ഷ സർക്കാരിന്റെ സമീപകാല നിരോധന ഉത്തരവ് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിമാത്രമായിരുന്നു. ഇത്തരമൊരു നടപടികൊണ്ടുമാത്രം ഇടതുപക്ഷ സർക്കാർ കോളവിരുദ്ധരാകുന്നില്ല. അതിന്റെ പേരിൽ പ്ലാച്ചിമട സമരം അവസാനിപ്പിക്കുന്നത് ആത്മഹത്യാപരവുമായിരിക്കും.**

പ്രകൃതിവിഭവങ്ങളിലും ജീവജലത്തിലുമുള്ള സാമൂഹികനിയന്ത്രണം ഉറപ്പുവരുത്താനും പൗരന്റെ ജീവിക്കാനുള്ള അവകാശം ഉറപ്പുവരുത്താനുമുള്ള ഭരണഘടനാപരമായ ബാദ്ധ്യതയും ആർജ്ജവവും സർക്കാരിനും രാഷ്ട്രീയപാർട്ടികൾക്കുമുണ്ടോ എന്നതാണ് കാതലായ പ്രശ്നം. സംസ്ഥാന സർക്കാരിന്റെയും പഞ്ചായത്ത് ഭരണസംവിധാനത്തിന്റെയും നിയമ-രാഷ്ട്രീയ വ്യവഹാരത്തിൽ പ്രസക്തമായ ഇടപെടലുകൾ ഇനിയും അവശേഷിക്കുകയാണ്. ഭൂഗർഭ ജലത്തിന്റെയും പ്രകൃതി വിഭവങ്ങളുടെയും വിനിയോഗത്തിലുള്ള സാമൂഹിക നിയന്ത്രണം ഉറപ്പുവരുത്താനുള്ള നിയമനിർമ്മാണമാണ് ഇപ്പോഴും പ്രസക്തമായിട്ടുള്ളത്. കോളകേസുകൾ സുപ്രീംകോടതിയിലെത്തി നിൽക്കുന്ന പശ്ചാത്തലത്തിൽ ഇടതുപക്ഷ സർക്കാരും, പ്ലാച്ചിമട സമരസമിതിയും ഈ ദിശയിലാണ് ചിന്തിക്കേണ്ടത്. എന്നാൽ കോള നിരോധന ഉത്തരവിന്റെ മറവിൽ മൗലികമായ ഉത്തരാവദിത്വത്തിൽനിന്നും സർക്കാർ ഒളിച്ചോടുന്നു.

ജനാധികാരയാത്രയ്ക്ക് തയ്യാറെടുക്കുന്ന വേളയിൽ പ്ലാച്ചിമട സമരസമിതിയുടെയും ഐക്യദാർഢ്യ സമിതിയുടെയും മുന്നിലുള്ള വെല്ലുവിളി ഇതാണ്. മയിലമ്മയുടെ വേർപാട് പ്ലാച്ചിമടയിലെ ജനങ്ങൾക്കും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾക്കും നികത്താൻ കഴിയാത്ത നഷ്ടമുണ്ടായിട്ടുണ്ടെങ്കിലും ജലാധികാരത്തിനായി പോരാടുന്ന ശക്തികൾക്ക് ഈ വെല്ലുവിളി ഏറ്റെടുക്കാൻ കഴിയണം.


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) - പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (പ്ലാച്ചിമട / മലയാളം)

**Bitter Drink** (English) കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്.

സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം)

27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം : മണിലാൽ.

**പുഴ ജീവനുവേണ്ടി** (River for Life)

സംവിധാനം : അമിതാബച്ചൻ, 34 മിനിട്ട്.

**പുഴയുടെ അവകാശികൾ** (River Dam Damn)

സംവിധാനം : മണിലാൽ, 24 മിനിട്ട്.

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി, 30 മിനിട്ട്.

**Source of Life for Sale**, 60 mts., Direction : K.P. Sasi

വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും

കേരളീയം

കൊക്കാലെ, തൃശൂർ 21.

ഫോൺ : 9388872845, 9447674375



*With best compliments from*

CENTRE FOR POST GRADUATE STUDIES

P.G. Centre

North Bus Stand, Thrissur-20. Ph : 2338983, 6950675

e-mail : trc_postgrad@sanchamet.in.



TRAINING PROGRAMS FOR

IELTS TOEFL

SPOKEN ENGLISH

COMPUTER COURSES

C, C++, VB

Java, .Net

Oracle 9i, C#

SENSORIUM

4th FLOOR, CITY CENTRE, TRICHUR.

0487-2320478, 3093095